"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ഉന്നത വിദ്യാഭ്യാസ (എൽ ) വകുപ്പ്

HEDN-L2/221/2025-HEDN 13-09-2025,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി ,
കേരള സെൽഫ് ഫിനാൻസിങ് പോളിടെക്നിക് മാനേജ്മന്റ് അസോസിയേഷൻ
ബിഷപ്പ് ഹൗസ്
നൂറാനി പി ഒ
പി .ബി നമ്പർ 4
പാലക്കാട്.

സർ,

വിഷയം:- ഉന്നത വിദ്യാഭ്യാസ വകുപ്പ് - സ്വാശ്രയ പോളിടെക്നിക്കുകളിൽ ഒഴിഞ്ഞു കിടക്കുന്ന സെൽഫ് ഫിനാൻസിങ് സീറ്റുകളിൽ ബേസിക് മാത്തമാറ്റിക്സ് പഠിച്ച വിദ്യാർത്ഥികൾക്ക് പ്രവേശനത്തിനായി അനുമതി -സംബന്ധിച്ച്.

സൂചന:- 1. 17/05/2025 തീയതിയിലെ GO(Rt) No.612/2025/HEdn

2. Letter No. CBSE Coord/Maths-041-241/2025 dated 27.05.2025

3. 13.6.2025, 1.8.2025 എന്നീ തീയതികളിൽ ശ്രീ ബിജു വർഗീസ് ബഹു മുഖ്യമന്ത്രി , ബഹു ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി എന്നിവർക്ക് നൽകിയ നിവേദനം

4. കേരള സെൽഫ് ഫൈനാൻസിങ് പോളിടെക്നിക് മാനേജ്മന്റ് അസ്സോസിയേഷൻ ബഹു ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്കു സമർപ്പിച്ച അപേക്ഷ.

5. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 23.7.2025, 8.9.2025 തീയതികളിലെ DTETVM/3366/2025-C2(ACA) നമ്പർ കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു . ഈ അക്കാദമിക വർഷത്തെ പോളിടെക്നിക് കോളേജ് പ്രവേശനത്തിനായി സൂചന (1) പ്രകാരം CBSE ബേസിക് മാത്തമാറ്റിക്സ് പഠിച്ച വിദ്യാർത്ഥികൾക്ക് പ്രവേശനം അനുവദിച്ചിട്ടില്ല. ഡിപ്ലോമ പ്രോഗ്രാമുകളിലേക്ക് അഡ്മിഷന് ആധാരമായി വെച്ചിട്ടുള്ള CBSE വിദ്യാർത്ഥികളുടെ യോഗ്യത മാനദണ്ഡം കാലഹരണപെട്ടതും നിലവിൽ Letter No.CBSE/Coord/Maths-BasicStandard/2024 dated 02.05.2024 & Letter No. CBSE Coord/Maths-041-241/2025 dated 27.05.2025 അടിസ്ഥാനമാക്കി മാത്തമാറ്റിക്സ് - Standard പഠിച്ചവർക്കുള്ള ആനുകൂല്യം

ബേസിക് മാത്തമാറ്റിക്സ് പഠിച്ചവർക്കും നൽകണമെന്ന് സർക്കാരിൽ നിവേദനം ലഭിച്ചിരുന്നു. കൂടാതെ നിലവിൽ സ്വാശ്രയ പോളിടെക്നിക് കോളേജുകളിൽ ധാരാളം സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യത്തിൽ ബേസിക് മാത്തമാറ്റിക്സ് പഠിച്ച വിദ്യാർത്ഥികൾക്കും അഡ്മിഷൻ നൽകുവാൻ അനുവദിക്കണമെന്ന് സ്വാശ്രയ കോളേജ് മാനേജ്മന്റ് ആവശ്യം ഉന്നയിച്ചിരുന്നു. പോളിടെക്നിക് ഡിപ്ലോമ പ്രവേശനം അവസാന ഘട്ടത്തിൽ എത്തിയ സാഹചര്യത്തിൽ ഇത്തരത്തിൽ ഒരു ഇളവ് നൽകുന്നതിലെ സാങ്കേതിക വശങ്ങൾ സർക്കാർ വിലയിരുത്തിയതിന്റെ വെളിച്ചത്തിൽ ഒഴിഞ്ഞു കിടക്കുന്ന സെല്ഫ് ഫിനാൻസിങ് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലേക്ക് ബേസിക് മാത്തമാറ്റിക്സ് പഠിച്ച അപേക്ഷകർ ലഭ്യമാണെങ്കിൽ ടി വിദ്യാർത്ഥികൾക്ക് കോളേജ് തലത്തിൽഒരു അഭിരുചി പരീക്ഷ നടത്തി വിജയിക്കുന്ന പക്ഷം ടികോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിൽ അഡ്മിഷൻ നൽകുന്നതിന് അനുമതി നൽകുന്നു. നടപടിക്രമങ്ങൾ പൂർത്തിയാക്കി AICTE നിഷ്കർഷിച്ചിട്ടുള്ള അവസാന തിയതിക്കുള്ളിൽ തന്നെ അഡ്മിഷൻ പൂർത്തിയാക്കേണ്ടതാണ്. ഈ ഇളവ് 2025 -2026 അക്കാദമിക വർഷത്തെ പ്രത്യേക സാഹചര്യത്തിലും സ്വാശ്രയ പോളിടെക്നിക് കോളേജുകളിൽ ധാരാളം മാനേജ്മെന്റ് സീറ്റ് ഒഴിവ് വന്നത് മുൻനിർത്തി മാത്രമാണ് എന്ന വിവരം കൂടി ശ്രദ്ധയിൽ പെടുത്തുന്നു.ഈ അനുമതി ഒരു കീഴ്‌വഴക്കമായി കണക്കാക്കുവാനോ ഇനിയുള്ള അക്കാദമിക വർഷങ്ങളിലെ അഡ്മിഷനുകൾക്ക് ബാധകമാക്കുവാനോ പാടില്ലാത്തതുമാണ്

വിശ്വസ്തതയോടെ,
രാജേഷ് എം
ജോയിന്റ് സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ
Signed by Geetha Lekshmi.
G
സെക്ഷൻ ഓഫീസർ.
Date: 13-09-2025 19:38:56